ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും രാസപരിശോധനാ ഫലം രണ്ടാഴ്ചയ്ക്കകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റിന്റെ മാസ്റ്റർ പ്ലാനും ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(5) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്തുണ്ടായിട്ടുള്ള ദുരന്തങ്ങൾക്ക് സമാനമായിട്ടുള്ള ദുരന്തങ്ങളാണ് കേരളത്തിലെ റോഡുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ വർഷം 3059 പേരാണ് റോഡപകടങ്ങളിൽ മരിച്ചത്. 51225 പേർക്കാണ് പരുക്ക് പറ്റിയിരിക്കുന്നത്. 41220 അപകടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ചെറിയ ജനസംഖ്യയുള്ള ഈ സംസ്ഥാനത്താണ് ഇത് നടക്കുന്നത്. മൂന്നു കോടിയോളം ജനസംഖ്യ വരുന്ന നമ്മുടെ സംസ്ഥാനം അപകടങ്ങളുടെ കാര്യത്തിൽ ഇന്ത്യയിൽ തന്നെ മൂന്നാം സ്ഥാനത്താണ് വന്നുനിൽക്കുന്നത്. ഈ വർദ്ധിച്ചുവരുന്ന വാഹനാപകടം കുറയ്ക്കാനുള്ള ഒരു പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇപ്പോൾ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഒരു കോ-ഓർഡിനേഷൻ ഇക്കാര്യത്തിൽ കാണുന്നില്ല. റോഡ്, പോലീസ്, ട്രാൻസ്പോർട്ട് എന്നീ മൂന്നു ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ വ്യക്തമായ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകാത്തതുമൂലം ഈ പ്രവർത്തനം ശരിയായ രീതിയിൽ പോകുന്നില്ല. അപകടങ്ങൾ കുറയ്ക്കാനുള്ള ശ്രമം നടക്കുന്നില്ല. ഓരോ വർഷം ചെല്ലുന്തോറും റോഡപകടങ്ങൾ വർദ്ധിച്ചുവരുകയാണ്. അതുപോലെ, വാഹനങ്ങളുടെ ഫിറ്റ്നസ് നോക്കുന്ന കാര്യത്തിലും അതുപോലുള്ള മറ്റ് കാര്യങ്ങളിലുമൊക്കെ വലിയ വീഴ്ചകളാണ് വന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ വളരെയേറെ ജനങ്ങളുടെ ജീവൻ അപഹരിക്കുന്ന ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്ന കാര്യത്തിൽ ഇനിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശരിയായ നീക്കമുണ്ടായില്ലെങ്കിൽ അതു വളരെ നിർഭാഗ്യകരമായ ഫലങ്ങളുണ്ടാക്കും. അതിനുവേണ്ടിയുള്ള ഒരു ഏകോപനം—അതായത് ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഒരു ഏകോപനം ഉണ്ടാവണം. ഈ രംഗത്തെ പ്രവർത്തനം കുറേ ഉപകരണങ്ങൾ വാങ്ങുന്നതിൽ മാത്രം ഒതുക്കി നിർത്തിയാൽപോരാ. ഇതിന് പ്രത്യേകമായി ചില ഉപകരണങ്ങൾ വാങ്ങിക്കുന്നു എന്നാണ് പറയാറുള്ളത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി സ്ഥിരമായി അപകടമുണ്ടാകുന്ന മേഖലകൾ കണ്ടെത്തി സ്പീഡ് ബ്രേക്ക് സ്ഥാപിച്ചും അപകട സൂചനാബോർഡുകൾ സ്ഥാപിച്ചുമൊക്കെയാണ് ഇതു പരിഹരിക്കുക എന്നാണ് അധികൃതർ പറയാറുള്ളത്. അതുകൊണ്ടുമാത്രം കാര്യമാകുന്നില്ല. വ്യക്തമായ ഒരു കോ-ഓർഡിനേഷൻ വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ ഉണ്ടാക്കി അപകടങ്ങൾ തടയാനുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവമായ ഒരു കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും വിലപ്പെട്ട ജീവനുകളാണ് റോഡപകടങ്ങൾ മൂലം നഷ്ടപ്പെടുന്നത്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കിയാൽ ഇവിടുത്തെ അപകടനിരക്ക് വളരെ കൂടുതലാണ്. ഇതിനെ വളരെ ഗൗരവമായിട്ടുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. 29-12-2004-ൽ ഗവൺമെന്റ് ഒരു പ്രത്യേക സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു.

ട്രാൻസ്പോർട്ട് കമ്മീഷണർ കൺവീനറായും അഡീഷണൽ ഡി.ജി.പി., നാഷണൽ ഹൈവേ (റോഡ്സ്)-ന്റെ ചീഫ് എൻജിനീയർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതലത്തിൽ എല്ലാ ജില്ലകളിലേയും കളക്ടർമാർ, എസ്.പി., എക്സിക്യൂട്ടീവ് എൻജിനീയർ, ആർ.ടി.ഒ. എന്നിവർ അടങ്ങുന്ന കമ്മിറ്റിയും കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ അവ വ്യക്തമായി പരിശോധിച്ച് പഠിച്ച് അതിന്റെ കാരണം കണ്ടെത്തി അത് പരിഹരിക്കണമെന്നുള്ള തീരുമാനമാണ് ഉണ്ടായിട്ടുള്ളത്. 13-1-2005-ൽ എൻ.എച്ച്.47-ലെ accident prone areas കണ്ടുപിടിച്ച് അതിന്റെ വർക്കുകൾ ടെൻഡർ ചെയ്തുകഴിഞ്ഞു. ഫെബ്രുവരി 28-ാം തീയതിയോടെ എൻ.എച്ച്.47-ൽ തുടർച്ചയായി അപകടം ഉണ്ടാകുന്ന മേഖലകളിൽ അത് ഒഴിവാക്കുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എൻ.എച്ച്.17-ൽ മാർച്ച് മാസം ആദ്യത്തെ ആഴ്ചയോടുകൂടി വർക്കുകൾ തീർക്കത്തക്ക വിധത്തിലുള്ള നടപടികളാണ് എടുത്തിരിക്കുന്നത്. മറ്റുള്ള എല്ലാ കാര്യങ്ങളും, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കോ-ഓർഡിനേഷൻ ഇല്ല എന്നുള്ള കാര്യങ്ങളുൾപ്പെടെ ഉദ്ദേശിച്ചുകൊണ്ടാണ് പ്രത്യേകമായി സ്റ്റേറ്റ് ലെവലിലും ജില്ലാതലത്തിലുമുള്ള കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളത്. അത് വീണ്ടും പരിശോധിച്ച് എവിടെയെങ്കിലും കുറവുകളുണ്ടെങ്കിൽ ആ കുറവുകൾ നികത്തുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യേണ്ട സിസ്റ്റമാണിത്. ആ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുതന്നെയുള്ള പ്രവർത്തനങ്ങൾ നടത്തുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുന്നു.

VI. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ താഴെ കാണുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി. ഒ. (പി) നമ്പർ 343/2004/ജി.എ.ഡി. തീയതി 25-11-2004 (എസ്. ആർ. ഒ. നമ്പർ 1263/04).
2. ജി. ഒ. (പി) നമ്പർ 369/04/ജി.എ.ഡി. തീയതി 30-12-2004 (എസ്. ആർ. ഒ. നമ്പർ 1384/04).

LIBRARY ARCHIVES Kerala Legislative Assembly